(ഡി) ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡഡ് സർവ്വകലാശാലയിൽ ലഭിക്കാത്തതിനാലാണ് സ്കോളർഷിപ്പ് നൽകുവാൻ കാലതാമസം നേരിടുന്നതെന്നും ഗവേഷണ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അർഹരായിട്ടുള്ള ഓരോ ഗവേഷണ വിദ്യാർത്ഥിക്കും ജനുവരി 2011 മുതൽ 5000 രൂപാ വീതം സ്കോളർഷിപ്പ് നൽകുവാനും, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 5000 രൂപ നിരക്കിൽ കുടിശ്ശിക നൽകുവാനും ഉത്തരവായിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ

100(789) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുവാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് വേണ്ടിവരുന്ന കാലതാമസവും മറ്റും കണക്കിലെടുത്ത് മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ പ്രസ്തുത വിഷയത്തിൽ പരിഗണനയിലുണ്ടോ ;

(സി) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ വിവിധ അനദ്ധ്യാപക തസ്തികകളിൽ ആകെ എത്ര ജീവനക്കാർ താൽക്കാലിക/ദിവസ വേതന വ്യവസ്ഥയിൽ തുടരുന്നു എന്ന് വിശദമാക്കുമോ ; ഇവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നിയമിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുവാൻ എന്തെങ്കിലും നിർദ്ദേശം സർക്കാർ യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ടോ ;

(ഇ) വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ അടിയന്തരമായി പി.എസ്.സി.യെ അറിയിച്ചാൽ സമാന യോഗ്യതയും സമാന വേതന നിരക്കും ഉള്ള നിലവിലുള്ള റാങ്ക് പട്ടികകളിൽ നിന്നും, സമ്മതപത്രം നൽകുന്ന ഉദ്യോഗാർത്ഥികളെ, സർവ്വകലാശാലയിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള 18-12-2010-ലെ തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല. നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല. അങ്ങനെ ചെയ്താൽ അതിന് നിയമസാധുതയും ഉണ്ടാവുകയില്ല.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്നവിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമവകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ. (എംഎസ്) നമ്പർ 11/2011/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരള സർവ്വകലാശാലയിൽ എല്ലാ വിഭാഗങ്ങളിലുമായി 567-ഓളം അനദ്ധ്യാപക ജീവനക്കാർ, താത്കാലിക ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവരല്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ താത്കാലിക ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കണ്ണൂർ യൂണിവേഴ്സിറ്റിയിൽ താത്ക്കാലിക/ദിവസവേതന/കരാർ അടിസ്ഥാനത്തിൽ 264 പേർ തുടർന്നു വരുന്നുണ്ട്. ഇതിൽ 13 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം തുടർന്നു വരുന്നു. മറ്റു ചിലർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലിയിൽ പ്രവേശിച്ച് കാലാവധി പൂർത്തിയായശേഷം ദിവസവേതന അടിസ്ഥാനത്തിൽ തുടർന്നു വരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ വിവിധ തസ്തികകളിലായി 190 ജീവനക്കാർ ദിവസ വേതന വ്യവസ്ഥയിലും 74 സെക്യൂരിറ്റി ജീവനക്കാർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. മറ്റ് സർവ്വകലാശാലകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി&ഇ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്നവിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച് ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ.(എംഎസ്)നമ്പർ 11/2011/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly